**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ നീതിപൂർവ്വവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.<br><br>പട്ടികജാതി വികസന വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. പദ്ധതികളുടെ കാര്യക്ഷമവും ഫലപ്രദവുമായ നിർവഹണം ഉറപ്പാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും, സെക്രട്ടേറിയറ്റ് തലത്തിലും സംസ്ഥാനതല പ്രതിമാസ പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നു. കൂടാതെ, ഡയറക്ടറേറ്റ് തലത്തിൽ ജില്ലാ ഓഫീസർമാരുടെ ജില്ലാതല അവലോകനം, ജില്ലാതലത്തിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പദ്ധതി/ സ്കീമുകൾ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഓരോ മാസവും നടത്തി വരുന്നുണ്ട്.<br><br>പട്ടികജാതി ജനവിഭാഗങ്ങളുടെ വികസനത്തിനും, ക്ഷേമത്തിനുമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം |

വഹിക്കുവാൻ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് എല്ലാ ജില്ലാ വികസന ഓഫീസർമാർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി ഓഫീസർമാർ എന്നിവർക്ക് 20/05/2022 തീയതിയിലെ സ.ഉ(കൈ)നം.24/2022/SCSTDD പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട് (**അനുബന്ധം I** ആയി ചേർക്കുന്നു).

കൂടാതെ, 28/09/2021-ലെ ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ സ.ഉ (പി) നം. 11/2021/പ്ലാനിംഗ് ഉത്തരവ് പ്രകാരം (**അനുബന്ധം II** ആയി ചേർക്കുന്നു) എസ്.സി/എസ്.ടി ഫണ്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള ജില്ലാതല കമ്മിറ്റി പുനസംഘടിപ്പിച്ച് ഉത്തരവാകുകയും ടി കമ്മറ്റി മുഖേന പട്ടികജാതി വികസന പദ്ധതികൾ പ്രത്യേകം വിലയിരുത്തുകയും, നിർവ്വഹണം ത്വരിതഗതിയിലാക്കു ന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ നീതി പൂർവ്വവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് തുകകൾ അക്കൗണ്ടിൽ ലഭ്യമാക്കുന്ന(DBT) സംവിധാനം ഏർപ്പെടുത്തി വരുന്നു.

2. വിവിധ ജില്ലകളിലായി ജില്ലാതല അവലോകന യോഗങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെയും ഡയറക്ടറുടെയും നേതൃത്വത്തിൽ നടന്നു വരുന്നുണ്ട് .

3. ഊരുകൂട്ടങ്ങൾ യഥാസമയം ചേർന്ന് ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

4. ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

5.പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട സേവനങ്ങൾ ഓൺലൈൻ മുഖാന്തരമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | 6. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ യഥാസമയം അപേക്ഷകൾ സമർപ്പിക്കുവാൻ കഴിയുന്നുണ്ട്.<br><br>ഇത് കൂടാതെ , പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗ വകുപ്പുകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ നീതിപൂർവ്വവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ആയതിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി മാർഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തേണ്ടവ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതി നടത്തിപ്പ് വേഗത്തിൽ പൂർത്തിയാക്കുന്നതിന് ക്രിയാത്മകമായ നടപടികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ നടത്തിപ്പിൽ വേഗം പോരായെന്ന് വകുപ്പ് മന്ത്രിയുടെ ജില്ലാതല അവലോകന യോഗങ്ങളിൽ ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ , പദ്ധതി പൂർത്തീകരണം വേഗത്തിലാക്കത്തക്കവിധം ഇത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നിർവ്വഹിക്കുന്ന മോണിറ്ററിംഗ് ജില്ലാതലത്തിൽ നിർവ്വഹിക്കുന്ന നിലയിൽ ഉത്തരവ് പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട് . |
| (സി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിരീക്ഷണ സമിതികളെ ക്രിയാത്മകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ ചെയർമാനായും പട്ടികജാതി വികസന ഓഫീസർ കൺവീനറായും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർ / സെക്രട്ടറിമാർ, ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ അംഗങ്ങൾ, പ്രോജക്റ്റ് ഓഫീസർ/ ട്രൈബൽ ഡെവലപ്മെൻറ് ഓഫീസർ, ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ തദ്ദേശസ്വയം ഭരണ എൻജിനീയറിംഗ് വിഭാഗം മേധാവികൾ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>നിയമസഭാ നിയോജക മണ്ഡലാടി സ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ സമയബന്ധിതമായി കൂടുന്നതിന് എല്ലാ ജില്ലകളിലേയും |

| | | | |
|---|---|---|---|
| | | | പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . 3 മാസത്തിലൊരിക്കൽ നിയോജക മണ്ഡലങ്ങളിൽ യോഗം ചേർന്ന് വകുപ്പിന്റെയും, ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകളുടെ വിവിധ പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പദ്ധതികളുടെ പുരോഗതി വിശകലനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു . ടി യോഗത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള അംഗങ്ങളെ കൂടാതെ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികൾ, അംബേദ്കർ ഗ്രാമം നിർവ്വഹണ ഏജൻസി പ്രതിനിധികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തുന്നു.<br><br>സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി. ടി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി സെറ്റിൽമെന്റ് തലത്തിൽ അതതു നിയോജകമണ്ഡലത്തിലെ എം.എൽ.എ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മൂന്നു മാസത്തിലൊരിക്കൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി പദ്ധതി പ്രവർത്തന അവലോകനം നടത്തിവരുന്നു. ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ, ഏജൻസി പ്രതിനിധികൾ, പ്രോജക്ട് ആഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ ത്രൈമാസ അവലോകന യോഗം സംഘടിപ്പിച്ച് നിരീക്ഷണ സമിതികളെ ക്രിയാത്മകമാക്കുന്നതിനും പദ്ധതി വിലയിരുത്തൽ നടത്തുന്നതിനുമുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് 504 ഉന്നതികൾ റിസർവ്വ് വനത്തിനകത്തും 948 എണ്ണം വനത്തിന്റെ പ്രാന്തപ്രദേശങ്ങളിലുമായി സ്ഥിതി ചെയ്യുന്നുണ്ട്. പ്രസ്തുത ഉന്നതികളിൽ പല സ്ഥലങ്ങളിലും നിലവിൽ വന്യജീവി ആക്രമണം നേരിടുന്നുണ്ട് . ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നേരിടുന്ന കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ വന്യമൃഗ ശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് ആറളം പുനരധിവാസ മേഖലയിൽ ടി.ആർ.ഡി.എം (ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ) മുഖേന 1.88 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗും, മിഷൻ 676 പ്രകാരമുള്ള കൃഷി രക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 3.2 കി. മീറ്റർ ദൂരത്തിൽ എലിഫന്റ് പ്രൂഫ് ട്രഞ്ചും നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനായി 53.23 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. വന്യമൃഗ ആക്രമണങ്ങൾ ഉണ്ടാകുമ്പോൾ വകുപ്പിന്റെ ഫീൽഡ്തല ഉദ്യോഗസ്ഥർ ആയത് യഥാസമയം തന്നെ വനംവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നുണ്ട്. വന്യമൃഗ ആക്രമണത്തിൽ പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്യുന്ന പട്ടികവർഗ്ഗക്കാർക്ക്, പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അടിയന്തര ധനസഹായമായി 5,000/- (അയ്യായിരം രൂപ മാത്രം) രൂപ നിലവിൽ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

**സ ഉ (കൈ) നം. 24/2022/SCSTDD** **തീയതി, തിരുവനന്തപുരം, 20.05.2022**

---

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ചെയർമാൻ

   എം.എൽ.എ

2. കൺവീനർ

   പട്ടികജാതി വികസന ഓഫീസർ (ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ).

3. അംഗങ്ങൾ

1. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ.
2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ.
4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ.
5. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രണബ്ജ്യോതി ഐ എ എസ്**

**സെക്രട്ടറി**

ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ (പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ മുഖാന്തിരം)

അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ (പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ മുഖാന്തിരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇ.ന. ന.. 731)

തദ്ദേശസ്വയംഭരണ വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി എം) വകുപ്പ്

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പി.എസ്സ്. ന്.

2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

Section Officer

അനുബന്ധം-II

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്—എസ്. സി. പി./ടി. എസ്. പി. പദ്ധതികളുടെ ജില്ലാതല കമ്മിറ്റി പുനഃസംഘടിപ്പിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

സ. ഉ. (അച്ചടി) നമ്പർ 11/2021/പ്ലാനിംഗ് തിരുവനന്തപുരം, തീയതി 2021 സെപ്റ്റംബർ 28.

പരാമർശം:— 1. 30-8-1997 തീയതിയിലെ സ. ഉ. (അച്ചടി) നം. 12/97/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.

2. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 5-8-2020 തീയതിയിലെ നം. എസ്. പി. ബി/98/2020-ഡി. പി. സി. നമ്പർ കത്ത്

ഉത്തരവ്

പരാമർശം 1 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഭേദഗതികൾ വരുത്തുന്നതിനായി പരാമർശം 2 പ്രകാരം ആസൂത്രണ ബോർഡ് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണം ആരംഭിച്ചപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് നേരിട്ട് നിർവ്വഹണം നടത്തിക്കൊണ്ടിരുന്ന ഒട്ടനവധി വികസന പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. എന്നാൽ ചില പദ്ധതികൾ വകുപ്പ് നേരിട്ട് നിർവ്വഹണം നടത്തുന്നുണ്ട്. ഇത്തരത്തിൽ ജില്ലാതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുതകുന്നതും അവർക്കു പരമാവധി ഗുണം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികൾ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

GCPT. 3/2831/2021/TP.

2. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ വികസനത്തിനായി തദ്ദേശസ്ഥാപനങ്ങളും വിവിധ വകുപ്പുകളും നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടെങ്കിലും പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച്, ഏകീകൃതമായ ഒരു സ്വഭാവം ഇല്ലാത്തതിനാൽ ജില്ലകളിൽ വ്യത്യസ്തരീതിയിലാണ് കാര്യങ്ങൾ നടക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പരാമർശിത ഉത്തരവിൽ ഭേദഗതികൾ വരുത്തുന്നത് ഉചിതമായിരിക്കുമെന്നും ആസൂത്രണബോർഡ് പരാമർശം 2 പ്രകാരം അറിയിച്ചിരുന്നു.

3. പട്ടികജാതി വികസന വകുപ്പ്, ജില്ലാകളക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്ന തുകയ്ക്കുള്ള (കോർപ്പസ് ഫണ്ട്) പദ്ധതി നിർദ്ദേശങ്ങൾ പരാമർശിത ഉത്തരവ് പ്രകാരം രൂപീകൃതമായ ജില്ലാതല കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നു. എന്നാൽ പട്ടികവർഗ്ഗവികസന വകുപ്പിലാകട്ടെ ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ ലഭ്യമാകുന്ന കോർപ്പസ് ഫണ്ട് പരാമർശിത ഉത്തരവ് പ്രകാരമുള്ള കമ്മിറ്റിയുടെ പരിഗണനയിൽ വരാതെ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥിതിയാണ് നിലവിൽ ചില ജില്ലകളിൽ ഉള്ളത്. മേൽ സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗ വികസനത്തിൽ ജില്ലയുടെ ആകെ വികസനവീക്ഷണവും വിടവും പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുകയും തദ്ദേശസ്ഥാപന പദ്ധതികളും വകുപ്പിന്റെ പദ്ധതികളും തമ്മിൽ ഏകോപനം സാധ്യമാകാതെ വരുന്നതിനാലും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ടിട്ടുള്ള വികസനലക്ഷ്യം നേടിയെടുക്കുന്നതിന് വിഘാതമാവുന്നുണ്ട്. ആയതിനാൽ പട്ടികജാതി വികസന വകുപ്പിലേതുപോലെ പട്ടികവർഗ്ഗ വികസന വകുപ്പും കോർപ്പസ് ഫണ്ട് വിഹിതം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ഇതുപയോഗിച്ച് ഏറ്റെടുത്ത് നടത്തേണ്ട പദ്ധതി പ്രൊപ്പോസലുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിൽവെച്ച് അംഗീകരിക്കുന്നത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിന് അനുയോജ്യമായിരിക്കും.

4. പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുവാൻ, വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും

നിരവധി പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ടെന്നും ജില്ലയിലെ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസർ, പരാമർശിത ഉത്തരവ് പ്രകാരം രൂപീകൃതമായ കമ്മിറ്റിയിൽ മെമ്പർ മാത്രമാണെന്നും, ഈ കമ്മിറ്റിക്ക് കൺവീനർ ഇല്ലാത്തതിനാൽ കോർപ്പസ് ഫണ്ടിന്റെ ഏകോപനം സംബന്ധിച്ച് ജില്ലകളിൽ അവ്യക്തത നിലനിൽക്കുന്നുണ്ടെന്നും പട്ടികജാതി/ പട്ടികവർഗ്ഗ വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് പദ്ധതികൾ പരിശോധിച്ചു റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകുന്നത് വഴി തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനത്തിൽ ഏകോപനം സാധ്യമാകുമെന്നും ആയതിനാൽ ജില്ലാ പ്ലാനിംഗ് ഓഫീസറെ പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ കൺവീനറായി നിയമിക്കാവുന്നതാണെന്നും ആസൂത്രണബോർഡ് അഭിപ്രായപ്പെട്ടിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കുവാൻ വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ചു റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസർക്കായിരിക്കും. പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ കൺവീനറായി ചുമതലപ്പെടുത്തുന്ന ജില്ലാ പ്ലാനിംഗ് ഓഫീസർ തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനത്തിൽ ഏകോപനം സാധ്യമാക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പിലേതുപോലെ പട്ടികവർഗ്ഗ വികസന വകുപ്പും കോർപ്പസ് ഫണ്ട് വിഹിതം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും ഇതുപയോഗിച്ച് ഏറ്റെടുത്ത് നടത്തേണ്ട പദ്ധതി പ്രൊപ്പോസലുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിൽവെച്ച് അംഗീകരിക്കേണ്ടതുമാണ്. പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിയിലേയും SCA to SCSP/SCA to TSP യിലേയും പ്രോജക്ടുകൾക്ക് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകൾ ഒഴികെ) അംഗീകാരം നൽകുന്നതിനുള്ള ചുമതല ഈ കമ്മിറ്റിക്ക് ആയിരിക്കും. പട്ടികജാതി പട്ടികവർഗ്ഗ വികസന ഫണ്ടുകൾ ഉപയോഗിച്ച് ജില്ലയിൽ

നിർവ്വഹണം നടത്തുന്ന പദ്ധതികളും എസ്. സി. എസ്. പി/ടി. എസ്. പി. ഫണ്ടുപയോഗിച്ച് തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതുമായ പദ്ധതികളുടെയും പരിപാടികളുടെയും മോണിറ്ററിംഗ്, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റി നടത്തേണ്ടതും കുറഞ്ഞത് മാസത്തിൽ ഒരിക്കൽ കമ്മിറ്റി യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തേണ്ടതും യോഗത്തിന്റെ മിനിറ്റ്സ് സംസ്ഥാന ആസൂത്രണബോർഡിനും ഭരണ വകുപ്പിനും നൽകേണ്ടതുമാണ്. പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള സാമ്പത്തിക പരിധി ഓരോ പ്രോജക്ടിനും 25 ലക്ഷം രൂപ ആയിരിക്കും. കോർപ്പസ് ഫണ്ടിൽ ഏറ്റെടുക്കുന്ന റോഡ്, പാലം പദ്ധതികൾ ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്ത് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അനുമതിക്കായി സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ അനുമതി ആവശ്യമായിട്ടുള്ള എല്ലാ പ്രോജക്ടുകളുടെയും അംഗീകാര ചുമതല ഈ കമ്മിറ്റിക്ക് ആയിരിക്കും. ഓരോ സംസ്ഥാന, കേന്ദ്ര സ്കീമിനും ഓരോ കമ്മിറ്റി രൂപീകരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. കോർപ്പസ് ഫണ്ടിനു പുറമേ ജില്ലയിൽ നടപ്പിലാക്കുന്ന അംബേദ്കർ വികസന പദ്ധതി, അടിയ പണിയ പാക്കേജ്, ഭൂമിവിതരണം, വീട് നിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണ പുരോഗതി, ജീവനോപാധി പദ്ധതികൾ, തൊഴിലുറപ്പ് പദ്ധതികൾ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകൾ നടത്തിപ്പ് മുതലായ പദ്ധതികളും ഇതിന് പുറമേ മോണിറ്ററിംഗ് ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെടുന്ന മറ്റുപദ്ധതികളും അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ വികസന വിടവുകൾ പരിശോധിച്ച് പദ്ധതി നിർദ്ദേശങ്ങൾ/റിപ്പോർട്ടുകൾ തയ്യാറാക്കി വകുപ്പ് മന്ത്രിക്കും, സെക്രട്ടറിക്കും, ഡയറക്ടർമാർക്കും സമർപ്പിക്കേണ്ടതാണ്. ജില്ലയിൽ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് ഒഴികെയുള്ള എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ജില്ലയ്ക്ക് നൽകുന്ന കോർപ്പസ് ഫണ്ടുകൾ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ എല്ലാ വികസന സാധ്യതകളും കണ്ടുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുമായി ചേർന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ ക്രോഡീകരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയ്ക്ക് മുൻപാകെ സമർപ്പിക്കേണ്ടതുമാണ്.

7. പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികളിൽ ഓരോ ജില്ലയിലും ജില്ലാ പ്ലാനിംഗ് ഓഫീസറെ കൺവീനറായി ചുമതലപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റി താഴെപ്പറയുന്ന രൂപത്തിൽ പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ
2. ജില്ലാകളക്ടർ - മെമ്പർ സെക്രട്ടറി
3. ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ എം. എൽ. എ. മാർ - മെമ്പർമാർ
4. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായ മൂന്ന് സാമൂഹികപ്രവർത്തകർ (മൂന്ന് വർഷത്തിലൊരിക്കൽ തെരഞ്ഞെടുക്കേണ്ടത്) - മെമ്പർ
5. ജില്ലാ പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ - മെമ്പർ
6. ജില്ലാ പട്ടികജാതി വികസന ഓഫീസർ - മെമ്പർ
7. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർ, ITDP - മെമ്പർ
8. ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ - മെമ്പർ
9. അസിസ്റ്റന്റ് ജനറൽ മാനേജർ, നബാർഡ് - മെമ്പർ
10. ആവശ്യമായ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ - മെമ്പർ
11. ആവശ്യമായ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാതല ഉദ്യോഗസ്ഥർ - മെമ്പർ
12. ജില്ലാ പ്ലാനിംഗ് ഓഫീസർ - കൺവീനർ

8. പരാമർശിത ഉത്തരവ് മേൽപ്പറഞ്ഞപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ടീകാ റാം മീണ**
*അഡീഷണൽ ചീഫ് സെക്രട്ടറി.*

പകർപ്പ് :—

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

എല്ലാ ജില്ലയിലെയും പട്ടികജാതി/പട്ടികവർഗ്ഗ എം. എൽ. എ മാർക്കും (ആമുഖകത്ത് സഹിതം)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും എല്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ/ഐ. ടി. ഡി. പി. പ്രോജക്ട് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്തിലെയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കും (ആമുഖകത്ത് സഹിതം)

എല്ലാ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർമാർക്കും

അസിസ്റ്റന്റ് ജനറൽ മാനേജർ, നബാർഡ് (ആമുഖകത്ത് സഹിതം)

പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് (6-8-2021 തീയതിയിലെ SCSTDD-PM1/238/2020 കുറിപ്പ് പ്രകാരം)

വെബ് & ന്യൂ മീഡിയ (ഐ & പി. ആർ. ഡി.)

---

Section Officer